കേരള സാഹിത്യ അക്കാദമി

പത്രക്കുറിപ്പ് 10.01.2012

# ഗ്രന്ഥശാലകൾ സാംസ്കാരികവിപ്ലവം സൃഷ്ടിച്ചു: എൻ.പി.രാജേന്ദ്രൻ

കേരളത്തിൽ ഗ്രന്ഥശാലാസംഘം വലിയ സാംസ്കാരികവിപ്ലവം തന്നെയാണ് സൃഷ്ടിച്ചതെന്ന് കേരള സാഹിത്യ അക്കാദമിയുടെ ദേശീയപുസ്തകോത്സവവേദി സന്ദർശിച്ചുകൊണ്ട് കേരള പ്രസ് അക്കാദമി ചെയർമാൻ എൻ.പി.രാജേന്ദ്രൻ പറഞ്ഞു. ഓരോ പ്രദേശങ്ങളിലും വായനയിലും മറ്റുതരത്തിലുമുള്ള സാംസ്കാരികമുന്നേറ്റങ്ങൾക്ക് വഴിതെളിക്കുകയാണ് ഗ്രന്ഥശാലാസംഘം പ്രവർത്തകർ ചെയ്തത്. സംസ്കാരം, രാഷ്ട്രീയം, കല തുടങ്ങിയ വിവിധ മേഖലകളിൽ സമൂലമായ മാറ്റം ഇതിലൂടെ വന്നിട്ടുണ്ട്. ഭാവിയിൽ പുസ്തകവായന ചരിത്രത്തിലേക്ക് പിന്തള്ളപ്പെടാനുള്ള സാധ്യതയുണ്ടെന്ന് 'ദി ഫ്യൂച്ചറിസ്റ്റ്' മാസികയെ ഉദ്ധരിച്ച് അദ്ദേഹം പറഞ്ഞു. പുതിയ തലമുറ വായനയിലേക്ക് വരുന്നുണ്ടോ എന്ന് സംശയമാണ്. ഇ-ബുക്കുകളിലൂടെയും ഇന്റർനെറ്റിലൂടെയും അവർ അവരുടേതായ പുതിയ വൈജ്ഞാനികമേഖല കണ്ടെത്തുന്നു. അനേകം പുസ്തകങ്ങൾ ചെറിയൊരു ചിപ്പിലാക്കാൻ സാധിക്കുന്നുവെന്നതാണ് അവയുടെ മേൻമ. എഴുത്ത് ഒരു സാങ്കേതികവിദ്യയാണ്. ദിനംതോറും പുതിയ സാങ്കേതികവിദ്യകൾ ഉണ്ടാകുന്നതിനനുസരിച്ച് അവ മാറിക്കൊണ്ടേയിരിക്കുന്നു. ഭാവിയുടെ സാങ്കേതികവിദ്യയെന്ന് പറയുന്നത് ദൃശ്യ-ശ്രവണസാങ്കേതികവിദ്യകളാണ്. സമൂഹം മാറുന്നതനുസരിച്ച് സാങ്കേതികവിദ്യയും മാറിക്കൊണ്ടേയിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

**ആർ. ഗോപാലകൃഷ്ണൻ**
സെക്രട്ടറി